പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം. 472 27/06/2019-ൽ മറുപടിക്ക്

**വെന്റിലേറ്ററിൽ കിടത്തി സാമ്പത്തിക ചൂഷണം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ<br>ശ്രീ.കെ.എൻ.എ ഖാദർ<br>ശ്രീ. പി.ഉബൈദുള്ള<br>ശ്രീ. സി.മമ്മൂട്ടി** | | **കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിതാ ശിശു വികസനവും വകുപ്പുമന്ത്രി)** | |
| എ) | സ്വകാര്യ ആശുപത്രികളിൽ ചികിത്സയിൽ കഴിയുന്നവർക്ക് മസ്തിഷ്കമരണം സംഭവിച്ചാലും വെന്റിലേറ്ററിൽ കിടത്തി സാമ്പത്തിക ചൂഷണം നടത്തുന്നുവെന്ന പരാതികൾ ഉണ്ടായിട്ടുണ്ടോ; | എ) | ഉണ്ട്. |
| ബി) | മസ്തിഷ്ക മരണം സംഭവിച്ചാലുടൻ ബന്ധുക്കളെ വിവരം അറിയിക്കണമെന്ന വ്യവസ്ഥ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം അറിയിക്കുമോ? | ബി) | മസ്തിഷ്ക മരണം നിർണ്ണയിക്കുന്നതിനുള്ള (Universal Brain Death Certification) മാനദണ്ഡം നിശ്ചയിക്കുന്നതിനായി തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ന്യൂറോളജി വിഭാഗം മേധാവി ഡോ. തോമസ് ഐപ്പിന്റെ നേതൃത്വത്തിൽ ഒരു കമ്മറ്റിയെ നിയോഗിച്ചിരുന്നു. ഈ കമ്മറ്റി സമർപ്പിച്ച റിപ്പോർട്ടിൽ മസ്തിഷ്ക മരണം സംഭവിച്ചാലുടൻ ബന്ധുക്കളെ അറിയിക്കണമെന്ന വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ട്. ദേശീയ വിദഗ്ദ്ധന്മാരും സംസ്ഥാനത്തെ ന്യൂറോളജിസ്റ്റുകളും അനസ്തേഷ്യ വിദഗ്ദ്ധന്മാരും ഉൾപ്പെട്ട ഒരു ശിൽപശാലയിൽ ടി റിപ്പോർട്ട് ചർച്ച ചെയ്യുകയുണ്ടായി. ടി ശിൽപശാലയിൽ ഉയർന്നു വന്ന നിർദ്ദേശങ്ങൾ കൂടി കണക്കിലെടുത്ത് ഉത്തരവ് പുറപ്പെടുവിക്കുന്ന വിഷയം പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ